# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

ഹാജർ :– കെ.എം. ദേവിക, ന്യായാധികാരി

**തീയതി : 2025 ഏപ്രിൽ 10, വെള്ളി**

(20 ചൈത്രം, 1948)

**എം.സി. നമ്പർ 15/2025**

| | | |
|---|---|---|
| ഹർജിക്കാരി | 1. | അശ്വതി കെ.സി, വയസ്സ്:41,<br>W /o. സഹദേവൻ,<br>പടിഞ്ഞാറേപാത്തറയിൽ ഹൗസ്,<br>കാട്ടിക്കുന്ന് കര, ചെമ്പ് പി.ഒ, ചെമ്പ് വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| | 2. | അലൻദേവ് വയസ്സ്:17,<br>S /o. സഹദേവൻ,<br>പടിഞ്ഞാറേപാത്തറയിൽ ഹൗസ്,<br>ചെമ്പ് പി.ഒ, കാട്ടി ക്കുന്ന് കര, ചെമ്പ് വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| | 3. | അസിൻദേവ്, വയസ്സ്:16,<br>S/o. സഹദേവൻ,<br>പടിഞ്ഞാറേപാത്തറയിൽ ഹൗസ്,<br>ചെമ്പ് പി.ഒ, കാട്ടി ക്കുന്ന് കര, ചെമ്പ് വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| പ്രതിനിധീകരിക്കുന്നത് | : | അഭിഭാഷകൻ :<br>സിന്ധുമോൾ.എസ് |

VAIKOM, NANADAM - 686 143

| | | |
|---|---|---|
| എതൃകക്ഷികൾ | 1. | സഹദേവൻ പി.എം , വയസ്സ്:54, S/o. മാധവൻ, C/o.ഗോപാലൻ, പടിഞ്ഞാറേപാത്തറയിൽ ഹൗസ്, പൂത്തോട്ട കര, പൂത്തോട്ട പി.ഒ, മണകുന്നം വില്ലേജ്,കണയന്നൂർ താലൂക്ക്, എറണാകുളം ജില്ല. |
| പ്രതിനിധീകരിക്കുന്നത് | | – |
| വകുപ്പ് | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 12–)o വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |
| നിവൃത്തി | : | ഹർജി അനുവദിച്ച് ഉത്തരവാകുന്നു. |

06.04.2026 തീയതി വാദം കേൾക്കുകയും 10.04.2026 തീയതി ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 12–)o വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജിയാണിത്.

2. <u>ഹർജി ചുരുക്കം:</u> – ഒന്നാം ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യ–ഭർത്താക്കന്മാർ ആണ്. ഇവർ തമ്മിൽ ഉള്ള വിവാഹം 2007 നവംബർ 15നു സമുദായ ആചാര പ്രകാരം നടന്നിട്ടുള്ളതാണ്. രണ്ടും മൂന്നും ഹർജിക്കാർ ഇവരുടെ മക്കളാണ്.വിവാഹ സമയത്ത് ഒന്നാം ഹർജിക്കാരിക്ക് BSc Chemistry, PGDCA വിദ്യാഭ്യാസം ഉണ്ടായിരുന്നതും എതൃകക്ഷിക്ക് പെയിന്റിംഗ് ജോലിയുമാണ് ഉണ്ടായിരുന്നത്. വിവാഹ സമയം പാരിദോഷികമായി ഒന്നാം ഹർജിക്കാരിക്ക് 75000/– രൂപയും 12 ½ പവൻ

...ാഭരണങ്ങളും ടിയാളുടെ സഹോദരനും മാതാവും ചേർന്ന് ...യിരുന്നതാണ്. വിവാഹ ദിവസം തന്നെ എതൃകക്ഷി ഒന്നാം ഹർജിക്കാരിയെ വിഷമിപ്പിച്ചിട്ടുള്ളതാണ്. ടിയാൻ ഭാര്യ എന്ന നിലയിൽ ഒന്നാം ഹർജിക്കാരിയോട് യാതൊരു മാനസിക ഐക്യവും കാണിച്ചിട്ടില്ലതാണ്. നിസ്സാരമായ കാര്യങ്ങൾക്ക് പോലും എപ്പോഴും ഓരോരോ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന എതൃകക്ഷി നല്ല രീതിയിൽ ഭാര്യ ഭർതൃ ബന്ധം ഒന്നാം ഹർജിക്കാരിയോട് പ്രകടപ്പിച്ചിട്ടില്ല കൂടാതെ ദേഹോപദ്രവം ചെയ്തു വരുന്നതുമാകുന്നു. സമൂഹത്തിൽ മറ്റെല്ലാവരോടും വളരെ മാന്യമായി പെരുമാറുകയും എന്നാൽ ഒന്നാം ഹർജിക്കാരിയോട് മാത്രം വളരെ അഗ്ഗ്രസിവ് ആയിട്ടുള്ള സ്വഭാവം പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. മദ്യപിച്ച് വന്നു നിരന്തരം ഒന്നാം ഹർജിക്കാരിയുടെ തല ഭിത്തിയിൽ ഇടിച്ചതിനെ ടിയാൾ നിലവിൽ രോഗിയായി തീർന്നിട്ടുള്ളതുമാണ്. ഒന്നാം ഹർജിക്കാരിയുടെ മാതാവ് നൽകിയ സ്വർണാഭരണങ്ങൾ പലപ്പോഴായി എതൃകക്ഷിയുടെ സുഹൃത്തായ രാജേഷിനു നൽകിയും ലോണുകൾ എടുത്തും എതൃകക്ഷി ഹർജിക്കാരിക്കും കുട്ടികൾക്കും വീട്ടിൽ നിന്ന് പലപ്പോഴായി നൽകിയ 6 പവൻ സ്വർണം സ്വന്തം ആവശ്യത്തിന് എടുത്തും മറ്റുള്ളവർക്ക് വേണ്ടി പണയം വച്ചും വിറ്റും നശിപ്പിച്ചിട്ടുള്ളതാണ്. ഗർഭിണി ആയിരിക്കെ ഒരു ഗർഭിണിക്ക് വേണ്ടുന്ന യാതൊരു പരിചരണങ്ങളും എതൃകക്ഷി നല്കിയിട്ടില്ലതാകുന്നു. ഹർജിക്കാർക്ക് വേണ്ട യാതൊരു സാമ്പത്തിക സഹായവും എതൃകക്ഷിക്ക് നല്കിയിട്ടില്ലാത്തതാണ്. ഒന്നാം ഹർജിക്കാരിയുടെ ATM കൈക്കലാക്കി അതിൽ നിന്നുള്ള പണമെല്ലാം എതൃകക്ഷി ഉപയോഗിച്ചിട്ടുള്ളതാകുന്നു. എതൃകക്ഷി ഒന്നാം ഹർജിക്കാരിയുടെ കണ്ണിൽ മുളക്പൊടി, പച്ച മുളക് അരച്ചത് എന്നിവ തേക്കുകയും കാൽവെള്ളയിൽ അടിച്ച് പൊട്ടിക്കുകയും ചെയ്തിരുന്നു. അടിക്കടി വീട് വിട്ടു പോകുന്ന എതൃകക്ഷി വല്ലപ്പോഴും മാത്രം വീട്ടിൽ വരുകയും വരുന്ന അവസരങ്ങളിൽ എല്ലാം ഹർജിക്കാരെ ശാരീരികമായി

GRAM NYAYALAYA VAIKOM

ഉപദ്രവിക്കുകയുമാകുന്നു. ഒന്നാം ഹർജിക്കാരിയുടെ സ്വർണം എടുത്ത് നശിപ്പിച്ചതിനെതിരെ ബഹു എട്ടുമാനൂർ ഫാമിലി കോടതിയിൽ OP ഫയൽ ചെയ്യുകയും അത് എതൃകക്ഷി ഹാജരാകാതെ എക്സ് പാർട്ടി ആയി ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ ടി വിധി നിലനിൽക്കെ എതൃകക്ഷി ഹർജിക്കാരെ വീട്ടിലേക്ക് കൂട്ടി കൊണ്ട് പോയിട്ടുള്ളതിനാൽ വിധിയിൽ യാതൊരു നടപടിയും സ്വീകരിക്കാതെ അത് കാലഹരണപ്പെട്ടു പോയിട്ടുള്ളതാണ്. എതൃകക്ഷി ഒരു gay ആണ് എന്ന് നിലവിൽ ഒന്നാം ഹർജിക്കാരിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഒന്നാം ഹർജിക്കാരി ടി വിഷയം മനസ്സിലാക്കിയതിനെ തുടർന്ന് ഹർജിക്കാരെ അമിതമായി ശാരീരികമായി ഉപദ്രവിച്ചിട്ടുള്ളതാണ്. എതൃകക്ഷി നിലവിൽ എറണാകുളത്ത് Textile house keeping supervisor വിഭാഗത്തിൽ ജോലി ചെയ്തു വരുന്നതാണ്. എന്നാൽ ഒരു രൂപ പോലും ഹർജിക്കാർക്ക് നല്കിയിട്ടില്ലതാണ്. 2025 സെപ്റ്റംബർ 7)൦ തിയ്യതി എതൃകക്ഷി വീട്ടിൽ കയറി വന്ന് ഒന്നാം ഹർജിക്കാരിയെ കൊല്ലുവാൻ ശ്രമിക്കുകയും മൂത്ത മകൻ പിടിച്ച് മാറ്റുവാൻ ശ്രമിച്ചപ്പോൾ എതൃകക്ഷി ടിയാനെ ഉപദ്രവിച്ചിട്ടുള്ളതാണ്. എതൃകക്ഷിക്ക് പ്രതിമാസം 50,000/- രൂപ വരുമാനം ഉള്ളതാണ്. ഹർജിക്കാരി പങ്ക് പറ്റുന്ന വീട് എതൃ കക്ഷിയുടെ പേരിൽ ആയതിനാൽ ഹർജിക്കാരിയെ അവിടെ നിന്ന് ഇറക്കി വിട്ട് വീടും സ്ഥലവും വിറ്റു ആ പണം കൊണ്ട് എതൃകക്ഷി ടിയാന്റെ വഴി വിട്ട ജീവിതത്തിന് ചിലവഴിക്കുന്നതിന് വേണ്ടി ശ്രമിച്ച് വരുന്നതാണ്. ആയതിനാൽ എതൃകക്ഷിക്ക് എതിരെ സംരക്ഷണ ഉത്തരവും, ജീവനാംശ ഉത്തരവും, പാർപ്പിട ഉത്തരവും മറ്റും ആവശ്യപ്പെട്ടുകൊണ്ടാണ് മേൽ നമ്പർ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. ഹർജി ഫയലിൽ സ്വീകരിച്ച് എതൃകക്ഷിക്ക് നോട്ടീസ് അയച്ചു. എതൃകക്ഷിയുടെ നോട്ടീസ് addresse left വിതൗട് instructions എന്ന് കാണിച്ച് മടങ്ങുകയും ഹർജിക്കാരി പത്രപരസ്യം വഴി നോട്ടീസ് സെർവ്

ചെയ്യുകയും ചെയ്തു. എന്നാൽ എതൃകക്ഷി ഹാജരാകാത്തതിനെ തുടർന്ന് ഇവർക്കെതിരെ കേസ് എക്സ് പാർട്ടി ആയി നീങ്ങി.

4. ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. Ext.P1 മുതൽ Ext.P5 വരെ രേഖകൾ മാർക്ക് ചെയ്തു.

5. മേൽ വിവരിച്ച വാദങ്ങളുടെയും തർക്കങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന സംഗതികൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു:-

i. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമ പ്രകാരം ഹർജിക്കാരി ആക്രമിക്കപ്പെട്ട വ്യക്തിയാണോ?

ii. ഹർജിക്കാരിക്ക് ഗാർഹിക പീഡന നിരോധന നിയമത്തിലെ വകുപ്പ് 18 പ്രകാരമുള്ള എല്ലാ സംരക്ഷണ ഉത്തരവുകൾക്കും അർഹതയുണ്ടോ?

iii. ഹർജിക്കാരിക്ക് ഗാർഹിക പീഡന നിരോധന നിയമത്തിലെ വകുപ്പ് 19 (a), 19 (d) എന്നീ വകുപ്പുകൾ പ്രകാരമുള്ള നിവൃത്തികൾക്ക് അർഹതയുണ്ടോ?

iv. ഹർജിക്കാരിക്ക് പ്രതി മാസം ജീവിത ചെലവ് ലഭിക്കുന്നതിന് അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപ?

v. ഹർജിക്കാരിയുടെ 18½ പവൻ സ്വർണ്ണാഭരണങ്ങളോ അതിനു തത്തുല്യമായ മാർക്കറ്റ് വിലയോ ലഭിക്കുന്നതിന് അർഹതയുണ്ടോ ?

vi. എതിർകക്ഷിയുടെ ഗാർഹിക പീഡനം തടയുന്നതിനായി ഒരു ബോണ്ട് എതൃകക്ഷിയിൽനിന്നും ഒപ്പിട്ടു വാങ്ങേണ്ടതുണ്ടോ?

GRAM NYAYALAYA VAIKOM, NANADAM - 686 143

vii. ഹർജിക്കാർക്ക് നേരിട്ട പീഡനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപ?

6. <u>ഒന്ന് മുതൽ മൂന്ന് വരെയുള്ള സംഗതികൾ</u> :- ആവർത്തനവിരസത ഒഴിവാക്കുന്നതിനും തെളിവുകൾ വിലയിരുത്തുന്നതിനുള്ള എളുപ്പത്തിനും വേണ്ടി ഈ രണ്ട് ചോദ്യങ്ങളും ഒരുമിച്ച് പരിഗണിച്ചിരിക്കുന്നു. ഒന്നാം ഹർജിക്കാരി എതൃകക്ഷിയുടെ ഭാര്യ ആണ്. രണ്ടും മൂന്നും ഹർജിക്കാർ ഇവരുടെ മക്കളാണ്. ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. ടിയാൾ ഹർജി സംഗതികൾ അവർത്തിച്ചുകൊണ്ടു തെളിവ് സത്യവാങ്മൂലം ബോധിപ്പിച്ചു. ആയതു പരിശോധിച്ചതിൽ ഒന്നാം ഹർജിക്കാരിയെയും കുട്ടികളെയും എതൃകക്ഷി ശാരീരികമായും മാനസികമായും ഉപദ്രവിച്ചിട്ടുണ്ട് എന്ന് കാണുന്നു ആയതിനെ ഖണ്ഡിക്കുന്ന യാതൊരു തെളിവും കോടതി മുമ്പാകെ ഇല്ല. ഇത്തരുണത്തിൽ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിൽ നിർവ്വചിക്കപ്പെട്ട രീതിയിൽ ഗാർഹിക പീഡനത്തിന് ഹർജിക്കാരി വിധേയയായിട്ടുണ്ടെന്ന് ഈ കോടതി കണ്ടെത്തുന്നു. ആകയാൽ ഹർജിക്കാരിക്ക് നിയമം അനുശാസിക്കുന്ന സംരക്ഷണ ഉത്തരവിന് അർഹതയുണ്ട്. ഹർജിക്കാരിക്കും കുട്ടികൾക്കുമെതിരെ ഗാർഹിക പീഡനം നടന്നു എന്ന് ഹർജിക്കാരി ഭാഗം തൃപ്തികരമായി കോടതിയെ ബോധ്യപ്പെടുത്തായതിനാൽ ഹർജിക്കാർക്ക് വകുപ്പ് 19 (a), 19(d) പ്രകാരമുള്ള പാർപ്പിട ഉത്തരവിന് അർഹതയുണ്ട് എന്നും കാണുന്നു. അപ്രകാരം ഈ പോയിന്റുകൾ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

GRAM NYAYALAYA
ഗ്രാമ ന്യായാലയ
VAIKOM, NAVADAM - 686 143

7. <u>4-ാം സംഗതി</u>:- ഹർജിയിൽ ഹർജിക്കാരി ടിയാരിക്ക് പ്രതിമാസം 20,000/- രൂപ ജീവിത ചെലവിനായി എതൃകക്ഷിയിൽ നിന്നും ലഭിക്കണം എന്നാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ *Rajnesh v. Neha, 2020 (6) KHC 1* എന്ന വിധിന്യായത്തിൽ, ജീവനാംശം ചോദിക്കുന്ന വ്യക്തി തന്റെ ആസ്തികളും ബാധ്യതകളും വെളിപ്പെടുത്തുന്ന ഒരു സത്യവാങ്മൂലം കോടതിയിൽ ഫയൽ ചെയ്യണം എന്ന് പറയുന്നുണ്ട്. ടി സത്യവാങ്മൂലത്തിൽ ഹർജിക്കാരിക്ക് പ്രതിമാസം 13,000/- രൂപ വരുമാനം ഉണ്ട് എന്ന് കാണുന്നു. എതൃകക്ഷി പെയിന്റർ ആയിട്ടാണ് ജോലി ചെയ്യുന്നത് എന്നും ടിയാന് പ്രതിമാസം 30,000/- രൂപ വരുമാനം ഉണ്ട് എന്നും കാണുന്നു. രണ്ടും മൂന്നും ഹർജിക്കാർക്ക് നിലവിൽ 17ഉം 16ഉം ആണ് പ്രായം എന്ന് കാണുന്നു. മേൽവിധിന്യായത്തിൽ ജീവനാംശം ഉത്തരവാകുമ്പോൾ അത് ഭാര്യയെ അതിദാരിദ്ര്യത്തിലേക്കു തള്ളിവിടുന്ന അത്ര നിസ്സാരം ആകാനോ എതൃകക്ഷിക്കെതിരെ വളരെ കൂടുതലായ ബാധ്യത ആകാനും പാടില്ല എന്നും പറയുന്നുണ്ട് കൂടാതെ ഭാര്യക്ക് ജോലി ഉണ്ടായിരുന്നോ നിലവിൽ ഉണ്ടോ എന്നീ വസ്തുതകളും പരിശോധിക്കണമെന്ന് പറയുന്നുണ്ട് . ഇവിടെ ഒന്നാം ഹർജിക്കാരിക്ക് 13,000/- രൂപ വരുമാനമുള്ളതായി ടിയാൾ തന്നെ പറയുന്നുണ്ട്. ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട 20,000/- രൂപ വളരെ കൂടുതൽ ആയാണ് തോന്നുന്നത്. മാത്രമല്ല, വരുമാനം ഉള്ളതിനാൽ ഒന്നാം ഹർജിക്കാരിക്ക് പ്രത്യേകമായി ഒരു ജീവനാംശം നൽകേണ്ടതില്ല എന്ന് കാണുന്നു. എന്നാൽ രണ്ടും മൂന്നും ഹർജിക്കാർ മൈനർ ആയതിനാൽ അവർക്ക് എതൃകക്ഷിയിൽ നിന്നും ജീവനാംശം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു. ആയതിനാൽ രണ്ടും മൂന്നും ഹർജിക്കാർക്ക് പ്രതിമാസം 5000/- രൂപ വീതം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

8. <u>5-)ാ സംഗതി</u> :- ഹർജിയിലും തെളിവ് സത്യവാങ്മൂലത്തിലും ഒന്നാം ഹർജിക്കാരി ടിയാൾക്ക വിവാഹസമയം 12 ½ പവൻ സ്വർണ്ണാഭരണങ്ങൾ അമ്മയും സഹോദരനും നൽകിയതായി പറയുന്നുണ്ട്. കൂടാതെ പിന്നീട് പലപ്പോഴായി വീട്ടുകാർ ഹർജിക്കാരിക്കും കുട്ടികൾക്കുമായി 6 പവൻ നൽകി എന്നും ടി സ്വർണം മുഴുവൻ പലപ്പോഴായി എതൃകക്ഷി സ്വന്തം ആവശ്യങ്ങൾക്കായി വിൽക്കുകയും പണയപ്പെടുത്തുകയും ചെയ്തു എന്നും പറയുന്നുണ്ട്. ആയതിനെ ഖണ്ഡിക്കുന്ന യാതൊരു തെളിവും കോടതി മുൻപാകെ ഇല്ലാത്തതാണ്. ആയതിനാൽ ഹർജിക്കാരിക്ക് നഷ്ടപ്പെട്ട സ്വർണ്ണമോ അതിനു തത്തുല്യമായ മാർക്കറ്റ് വിലയോ തിരികെ ലഭിക്കുവാനുള്ള അർഹതയുണ്ട് എന്ന് കാണുന്നു.

9. <u>6)ാ സംഗതി</u> :- ഈ കേസിൽ എതൃകക്ഷി ഹാജരാകാത്തതിനെ തുടർന്നു എതൃകക്ഷിക്കെതിരെ എക്സ്പാർട്ടി ആയിട്ടാണ് നീങ്ങിയിട്ടുള്ളത്. ആയതിനാൽ ടിയാനെക്കൊണ്ട് ഒരു ബോണ്ട് ഒപ്പിട്ടു വാങ്ങിക്കുവാൻ സാധ്യമല്ല. ആയതിനാൽ ടി നിവൃത്തിയിന്മേൽ ഒരു ഉത്തരവ് ഉണ്ടാകേണ്ടതില്ല എന്ന് കാണുന്നു.

10. <u>7)ാ സംഗതി</u> :- ഹർജിക്കാരിക്ക് എതൃകക്ഷിയിൽ നിന്നും ഗാർഹിക പീഡനം ഇട്ടിട്ടുണ്ട് എന്ന് കണ്ടു കഴിഞ്ഞതാണ്. അത് കൊണ്ട് തന്നെ ടിയാൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട് എന്നാൽ കേസിന്റെ വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ടിയാൾ ആവശ്യപ്പെട്ടിരിക്കുന്ന 15,00,000/- വളരെ കൂടുതലായി തോന്നുന്നു, ആയതിനാൽ ടിയാൾക്ക് 1,00,000/- നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

GRAM NYAYALAYA VAIKOM, NAHADAM - 686 143

10. ഒന്ന് മുതൽ നാല് വരെയുള്ള സംഗതികളിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയുന്ന പ്രകാരം അനുവദിച്ച് കല്പനയായിരിക്കുന്നു :-

i. ഹർജിക്കാർക്കെതിരെ യാതൊരു വിധ ശാരീരിക മാനസിക പീഡനങ്ങളും നടത്താൻ പാടില്ല എന്നും ഹർജിക്കാരി തൊഴിലിന് പോകുകയോ, ഇതരാവശ്യങ്ങൾക്ക് താമസ സ്ഥലത്തിന് പുറത്തുപോകുകയോ വാഹനത്തിലോ അല്ലാതെയോ സഞ്ചരിക്കുന്ന അവസരങ്ങളിൽ ഹർജിക്കാരിയെ പീഡിപ്പിക്കുന്ന പ്രവർത്തികൾ ചെയ്ത് പോകരുത് എന്നും എതൃകക്ഷികളോട് വകുപ്പ് 18(a) പ്രകാരം കൽപിച്ച് ഉത്തരവാകുന്നു.

ii. ഹർജിക്കാർ നിലവിൽ താമസിക്കുന്ന വൈക്കം താലൂക്ക്, കാട്ടിക്കുന്ന് കര, ചെമ്പ് പി.ഒ, ചെമ്പ് വില്ലേജ്, പടിഞ്ഞാറേപാത്തറയിൽ വീട്ടിൽ നിന്ന് ഹർജിക്കാരെ നിയമവിധേയമല്ലാത്ത മാർഗ്ഗത്തിൽ ബലമായി ഒഴിപ്പിക്കരുതെന്നും വകുപ്പ് 19(a) പ്രകാരം എതൃകക്ഷികളോട് ഇതിനാൽ ഉത്തരവാകുന്നു.

iii. ഹർജിക്കാർ നിലവിൽ താമസിക്കുന്ന വൈക്കം താലൂക്ക്, കാട്ടിക്കുന്ന് കര, ചെമ്പ് പി.ഒ, ചെമ്പ് വില്ലേജ്, പടിഞ്ഞാറേപാത്തറയിൽ വീട് കടപ്പെടുത്തുകയോ അന്യാധീനപ്പെടുത്തുകയോ ക്രയവിക്രയം ചെയ്യുകയോ ചെയ്തു പോകരുതെന്ന് വകുപ്പ് 19(c) പ്രകാരം എതൃകക്ഷികളോട് നിർദ്ദേശിച്ച് ഇതിനാൽ ഉത്തരവാകുന്നു.

iv. രണ്ടും മൂന്നും ഹർജിക്കാർക്ക് ഹർജി തിയ്യതി മുതൽ പ്രതിമാസം 5000/- രൂപ വീതം പ്രതിമാസം ജീവനാശം നൽകുവാൻ എതൃകക്ഷിയോട് ഇതിനാൽ കല്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

v. ഹർജിക്കാരിക്ക് നഷ്ടപ്പെട്ട 18 പവൻ സ്വർണാഭരണമോ അതിന്റെ തത്തുല്യമായ മാർക്കറ്റ് വിലയോ ഈ ഉത്തരവ് ഉണ്ടായി 12

VAIKOM, NANADAM

മാസത്തിനുള്ളിൽ ഹർജിക്കാരിക്ക് നൽകുവാൻ എതൃകക്ഷിയോട് കൽപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

vi. ഹർജിക്കാരിയ്ക്ക് ഈ ഉത്തരവ് ഉണ്ടായി 12 മാസത്തിനകം ടിയാൾ അനുഭവിച്ച ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 1,00,000/- (ഒരു ലക്ഷം) രൂപ നൽകുവാൻ എതൃകക്ഷിയോട് കൽപ്പിച്ച് ഉത്തരവാകുന്നു.

vi. ഈ ഉത്തരവിന്റെ പകർപ്പ് ഇരുകക്ഷികൾക്കും സ്റ്റേഷൻ ഹൗസ് ഓഫീസർ വൈക്കം പോലീസ് സ്റ്റേഷൻ, പ്രൊട്ടക്ഷൻ ഓഫീസർ കോട്ടയം, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, SRO എന്നിവർക്കും നൽകേണ്ടതാണ്.

vii. CMP 430/2025 യിലെ 25/09/2025 തീയതിയിലെ ഈ കോടതിയുടെ താൽകാലിക ഉത്തരവ് ശാശ്വതമാക്കി ഈ ഉത്തരവിനൊപ്പം ലയിപ്പിച്ചിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേട്ടെഴുതി വിവരങ്ങൾ ടൈപ്പ് ചെയ്തിട്ടുള്ളതും ഞാൻ തെറ്റ് തിരുത്തിയിട്ടുള്ളതും, 2026-)മാണ്ട് ഏപ്രിൽ മാസം 10-)o തീയതി വെള്ളിയാഴ്ച തുറന്ന കോടതിയിൽ ഈ ഉത്തരവ് പ്രഖ്യാപിച്ചിട്ടുള്ളതാണ്.)

ഒപ്പ് /-
കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

## അനുബന്ധം

ഹർജിക്കാരി ഭാഗം വിസ്തരിച്ച സാക്ഷി :-

| | | |
|---|---|---|
| PW1 | 27.10.2025 | അശ്വതി |

<u>ഹർജിക്കാരി ഭാഗം രേഖകൾ</u> : –

| | | | |
|---|---|---|---|
| Ext.P1 | സാക്ഷിപത്രം | 26.06.2011 | തെളിയിച്ചത് PW1 |
| Ext P2 | പ്രമാണം certified copy 1650/07 വൈക്കം SRO | 12.03.2026 | തെളിയിച്ചത് PW1 |
| Ext P3 | കരം അടച്ച രസീത് | 12.06.2020 | തെളിയിച്ചത് PW1 |
| Ext P4 | കൈവശാവകാശ സർട്ടിഫിക്കറ്റ് | 08.10.2013 | തെളിയിച്ചത് PW1 |
| Ext P5 | wound certificate Taluk Headquarters Hospital, Vaikom (office copy) | | തെളിയിച്ചത് PW1 |

ഒപ്പ് /–
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

//ശരിപ്പകർപ്പ്//

കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

GRAM NYAYALAYA ഗ്രാമ ന്യായാലയം വൈക്കം, നാനാടം - 686 143. VAIKOM, NANADAM - 686 143

**<u>ഉത്തരവ്</u>**

ശരിപ്പകർപ്പ്

എം.സി. നമ്പർ :15/2025

തീയതി: 10.04.2026